പതിനാലാം കേരള നിയമസഭ

ഒമ്പതാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 2108 01.02.2018-ൽ മറുപടിക്ക്

## റോഡപകടങ്ങളിൽപ്പെട്ടുന്നവർക്ക് വിദഗ്ദ്ധ ചികിത്സ

| ചോദ്യം | മറുപടി |
|---|---|
| ശ്രീ.കെ.സി.ജോസഫ്<br>ശ്രീ.കെ.മുരളീധരൻ<br>ശ്രീ.ഹൈബി ഈഡൻ<br>ശ്രീ.എൽദോസ് പി. കുന്നപ്പിള്ളിൽ | ശ്രീമതി. കെ.കെ. ശൈലജ ടീച്ചർ<br>(ബഹു. ആരോഗ്യവും സാമൂഹ്യ നീതിയും വകുപ്പ് മന്ത്രി) |

| | | | |
|---|---|---|---|
| എ) | റോഡപകടങ്ങളിൽപ്പെട്ടുന്നവർക്ക് പെട്ടെന്ന് വിദഗ്ദ്ധ ചികിത്സ ഉറപ്പാക്കുന്ന ട്രോമാകെയർ പദ്ധതി ആവിഷ്കരിച്ചിട്ടുണ്ടോ; പദ്ധതിയുടെ വിശദാംശം നൽകുമോ; | എ) | സംസ്ഥാനത്തെ എല്ലാ മെഡിക്കൽ കോളേജുകളിലും അത്യാഹിത വിഭാഗത്തിൽ ട്രോമാകെയർ സംവിധാനം ഏർപ്പെടുത്തിയിട്ടുണ്ട്. കൂടാതെ, ആരോഗ്യ വകുപ്പിന്റെ കീഴൽ ചുവടെ ചേർത്തിരിക്കുന്ന ആശുപത്രികളിലും ട്രോമാകെയർ സംവിധാനം ഏർപ്പെടുത്തുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ട്;<br>• താലൂക്ക് ഹെഡ്ക്വാർട്ടേഴ്സ് ആശുപത്രി, ചിറയിൻകീഴ്<br>• താലൂക്ക് ഹെഡ്ക്വാർട്ടേഴ്സ് ആശുപത്രി, കരുനാഗപ്പള്ളി<br>• ജനറൽ ആശുപത്രി ആലപ്പുഴ<br>• താലൂക്ക് ഹെഡ്ക്വാർട്ടേഴ്സ് ആശുപത്രി, തൊടുപുഴ<br>• താലൂക്ക് ഹെഡ്ക്വാർട്ടേഴ്സ് ആശുപത്രി, നോർത്ത് പറവൂർ<br>• ജനറൽ ആശുപത്രി തിരൂർ<br>• താലൂക്ക് ഹെഡ്ക്വാർട്ടേഴ്സ് ആശുപത്രി, കൊയിലാണ്ടി<br>• താലൂക്ക് ഹെഡ്ക്വാർട്ടേഴ്സ് ആശുപത്രി, സുൽത്താൻ ബത്തേരി<br>• താലൂക്ക് ഹെഡ്ക്വാർട്ടേഴ്സ് ആശുപത്രി, ഒറ്റപ്പാലം<br>• താലൂക്ക് ഹെഡ്ക്വാർട്ടേഴ്സ് ആശുപത്രി, നിലമ്പൂർ<br>• ജില്ലാ ആശുപത്രി കൊല്ലം<br>• ജനറൽ ആശുപത്രി കാസർഗോഡ്<br>• താലൂക്ക് ആശുപത്രി ആറ്റിങ്ങൽ<br>• താലൂക്ക് ഹെഡ്ക്വാർട്ടേഴ്സ് ആശുപത്രി, ആലത്തൂർ<br>• താലൂക്ക് ഹെഡ്ക്വാർട്ടേഴ്സ് ആശുപത്രി, തിരുവല്ല<br>• താലൂക്ക് ഹെഡ്ക്വാർട്ടേഴ്സ് ആശുപത്രി, ചാലക്കുടി<br>• താലൂക്ക് ഹെഡ്ക്വാർട്ടേഴ്സ് ആശുപത്രി, കായംകുളം<br>• താലൂക്ക് ഹെഡ്ക്വാർട്ടേഴ്സ് ആശുപത്രി, താമരശ്ശേരി<br>• ജില്ലാ ആശുപത്രി, കാഞ്ഞങ്ങാട് |

| | | | |
|---|---|---|---|
| | | | • ജില്ലാ ആശുപത്രി, നെയ്യാറ്റിൻക്കര<br>• ജില്ലാ ആശുപത്രി,പാലക്കാട്<br>• ജനറൽ ആശുപത്രി, എറണാകുളം<br>• ജനറൽ ആശുപത്രി, നെയ്യാറ്റിൻകര<br>• താലൂക്ക് ആശുപത്രി, ആറ്റിങ്ങൽ<br>• താലൂക്ക് ഹെഡ്ക്വാർട്ടേഴ്സ് ആശുപത്രി, കായംകുളം<br>• താലൂക്ക് ഹെഡ്ക്വാർട്ടേഴ്സ് ആശുപത്രി, പുനലൂർ<br>• താലൂക്ക് ഹെഡ്ക്വാർട്ടേഴ്സ് ആശുപത്രി, ചാലക്കുടി<br>• താലൂക്ക് ഹെഡ്ക്വാർട്ടേഴ്സ് ആശുപത്രി, കൊട്ടാരക്കര<br>• ജനറൽ ആശുപത്രി, ആറ്റിങ്ങൽ |
| ബി) | അപകടങ്ങളിൽപ്പെടുന്നവർക്ക് ആശുപത്രികളിൽ ആദ്യ 48 മണിക്കൂറിൽ സൗജന്യ ചികിത്സ ഉറപ്പാക്കുന്ന പദ്ധതി ഏതൊക്കെ ഏജൻസികളുടെ സഹായത്തോടെയാണ് ആവിഷ്ക്കരിച്ചിരിക്കുന്നത്; | ബി) സി) & ഡി | സർക്കാർ ആശുപത്രികൾക്ക് പുറമെ ട്രോമാകെയർ സംവിധാനമുള്ള സ്വകാര്യ ആശുപത്രികളുടെ കൂടി സഹകരണത്തോടെ കുറ്റമറ്റ ചികിൽസയും GSP നിരീക്ഷണത്തോടെ നിലവാരമുള്ള ആംബുലൻസുകളുടെ ശ്രേണിയും പരിശീലനം സിദ്ധിച്ച ജീവനക്കാരെയും സന്നദ്ധ പ്രവർത്തകരെയും ഉൾപ്പെടുത്തി ആദ്യത്തെ 48 മണിക്കൂറിലെ ചികിൽസാ ചെലവുകൾ ഇൻഷ്വറൻസ് കമ്പനികളുടെ സഹകരണത്തോടെ അതാത് ആശുപത്രികൾക്ക് നൽകി കൊണ്ടും സമഗ്രമായ ട്രോമാകെയർ സംവിധാനം നടപ്പിൽ വരുത്തുന്നതിനുമാണ് സർക്കാർ ലക്ഷ്യമിട്ടിട്ടുള്ളത്. ഇതിന്റെ ആദ്യ പടി എന്ന നിലയിൽ GSP നിയന്ത്രിത ആംബുലൻസ് സർവ്വീസ് ഏർപ്പെടുത്തുന്നതിന് താൽപ്പര്യമുള്ള വ്യക്തികളിൽ നിന്നും സ്ഥാപനങ്ങളിൽ നിന്നും താൽപ്പര്യ പത്രം ക്ഷണിക്കുന്നതിന് കേരളാ മെഡിക്കൽ സർവ്വീസസ് കോർപ്പറേഷൻ ലിമിറ്റഡിനെ ചുമതലപ്പെടുത്തി ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്. ഇക്കാര്യത്തിൽ അന്തിമ തീരുമാനം കൈക്കൊണ്ടിട്ടില്ല. |
| സി) | സ്വകാര്യ ആശുപത്രികളിലെ ചികിത്സയ്ക്കുള്ള പണം ഏത് ഫണ്ടിൽ നിന്നും വഹിക്കുവാനാണ് തീരുമാനിച്ചിട്ടുള്ളത്; | | |
| ഡി) | പ്രസ്തുത പദ്ധതി എന്നത്തേക്ക് പ്രാവർത്തികമാക്കുവാനാണ് ഉദ്ദേശിക്കുന്നത്? | | |

**സെക്ഷൻ ഓഫീസർ**